**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2446** **21-01-2021 - ൽ മറുപടിയ്ക്ക്**

**ഈറ്റയുടെ ലഭ്യതക്കുറവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ബി. ഡി. ദേവസ്സി | | **Shri E. P. Jayarajan**<br>**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി)** | |
| (എ) | ചാലക്കുടി നഗരസഭയിൽപ്പെട്ട കൂടപ്പുഴ ബാംബൂ കോർപ്പറേഷന്റെ കീഴിലുള്ള ഉപകേന്ദ്രത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും, ഈറ്റയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും സർക്കാർ നടപടി സ്വീകരിക്കുമോ; | (എ) | വനം വകുപ്പിന്റെ (Proceedings Order No.Pro (4)-153002/2020-തീയതി 27.08.2020 ലെ ഉത്തരവ് പ്രകാരം ചാലക്കുടി ഡിവിഷനിൽ നിന്നും ഈറ്റ ശേഖരിയ്ക്കുന്നതിനുള്ള അനുവാദം ലഭിയ്ക്കുകയുണ്ടായി. അതിനുശേഷം ബാംബൂ കോർപ്പറേഷന് കീഴിൽ ഉള്ള ചാലക്കുടിയിൽ പ്രവർത്തിയ്ക്കുന്ന ഈറ്റ വിതരണ കേന്ദ്രത്തിൽ നിന്നും ഈറ്റ വിതരണം കാര്യക്ഷമമായി നടക്കുന്നുണ്ട്. 01.01.2020 മുതൽ 31.12.2020 വരെ മലയാറ്റൂർ, മൂന്നാർ, മാങ്കുളം, ചാലക്കുടി, പത്തനംതിട്ട ഡിവിഷനുകളിൽ നിന്നും 1842.92 മെട്രിക് ടൺ ഈറ്റ ശേഖരിച്ചിട്ടുണ്ട്. |
| (ബി) | ഈ കേന്ദ്രത്തെ ആശ്രയിക്കുന്ന നൂറ് കണക്കിന് പരമ്പരാഗത തൊഴിലാളികൾക്ക് ഈറ്റ യഥാമസയം ലഭിക്കുന്നില്ല എന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഇല്ല |
| (സി) | പ്രസ്തുത തൊഴിലാളികൾക്ക് ഈറ്റ യഥാസമയം ലഭിയ്ക്കുന്നതിനാവശ്യമായ ക്രമീകരണങ്ങളും നടപടികളും സർക്കാർ അടിയന്തരമായി സ്വീകരിക്കുമോ? | (സി) | ഈറ്റവെട്ട് തൊഴിലാളികളുടെ ലഭ്യതയിൽ ഉണ്ടായിട്ടുള്ള കുറവാണ് സമൃദ്ധമായി ഈറ്റ ലഭിയ്ക്കുന്നതിന് തടസ്സമായി നിൽക്കുന്നത്. കൂലി വർദ്ധനവും മറ്റ് ആനുകൂല്യങ്ങളും നൽകി തൊഴിലാളികളെ ആകർഷിയ്ക്കുന്നതിനുള്ള നടപടികൾ കോർപ്പറേഷൻ സ്വീകരിച്ച് വരികയാണ്. ഇതിന്റെ ഭാഗമായി 2015 മുതൽ മുടങ്ങിക്കിടക്കുന്ന ഡി എ കുടിശ്ശിക സാമ്പത്തിക പരാധീനതകൾക്കിടയിലും 2.35 കോടി രൂപ നൽകിയിട്ടുണ്ട്. ബാക്കി കുടിശ്ശിക തവണകളായി തൊഴിലാളികൾക്ക് കൊടുത്ത് തീർക്കാൻ ഉള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ